# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.3073** — **07.02.2018 ലെ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. സി. ജോസഫ്** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ പ്രസിദ്ധീകരണം, ഗവേഷണ ഫലം, പേറ്റന്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ദേശീയ പ്രാധാന്യമുള്ള അന്തർദേശീയ ശ്രദ്ധ ലഭിക്കുന്ന വിധത്തിൽ വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) യും (ബി) യും | ഉണ്ട്. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അന്തർദേശീയ സമ്മേളനങ്ങളിൽ പങ്കെടുത്ത് ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്ന സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകർക്ക് ചെലവാകുന്ന തുകയിൽ 1.5 ലക്ഷം വരെ തിരിച്ചു നൽകുന്നതിനും അന്തർദേശീയ ജേർണലുകളിൽ ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിച്ച അധ്യാപകർക്ക് പ്രോത്സാഹനമായി 10,000/- രൂപ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട് അഞ്ചു വർഷത്തെ ഗവേഷണഫലങ്ങളെ അടിസ്ഥാനമാക്കി മികച്ച ഗവേഷകനുള്ള അവാർഡ് ഓരോ വർഷവും നൽകി വരുന്നു. കൂടാതെ അവർക്ക് 15 ലക്ഷം രൂപയുടെ ഗവേഷണ പ്രോജക്ട് ഗ്രാന്റും നൽകി വരുന്നുണ്ട്. അന്തർദേശീയ സമ്മേളനങ്ങളിൽ പങ്കെടുത്ത് ഗവേഷണ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ചെലവായ തുകയിൽ 50,000/- രൂപ വരെ തിരിച്ചു നൽകുവാൻ നടപടികൾ എടുത്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഗവേഷണ ചിന്തയെ പ്രോത്സാഹിപ്പിക്കുവാൻ KETCON, TECHKON എന്ന പേരിൽ സമ്മേളനങ്ങൾ നടത്തി വരുന്നുണ്ട്. |

.....2

| | | | |
|---|---|---|---|
| (സി) | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇന്റർ ഡിസിപ്ലിനറി റിസർച്ച് സെന്ററുകൾ തുടങ്ങുവാൻ പദ്ധതിയുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ ആണെന്ന് വിശദമാക്കാമോ? | (സി) | 2018-19 – ൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും ഇന്റർഡിസിപ്ലിനറി ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഓരോ സ്ഥാപനവും തനതായ മേഖല തെരഞ്ഞെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങളിലൂടെ പഠന പ്രക്രിയയുടെ നിലവാരമുയർത്താനും സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദേശീയ അംഗീകാരം നേടാനും ലക്ഷ്യമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് 'സ്റ്റുഡൻസ് സാറ്റലൈറ്റ്' രൂപകൽപന ചെയ്ത് വിക്ഷേപിക്കുവാൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ